**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2444** **21-01-2021 - ൽ മറുപടിയ്ക്ക്**

**കിൻഫ്ര മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ . വി. ടി. ബൽറാം ,<br>ശ്രീമതി ഷാനിമോൾ ഉസ്മാൻ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | **Shri E. P. Jayarajan**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയ്ക്ക് കിൻഫ്ര നൽകുന്ന സംഭാവനകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | (എ) വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് കിൻഫ്ര വ്യവസായ നിക്ഷേപങ്ങൾ ആകർഷിച്ചു കൊണ്ടിരിക്കുന്നു. ഇവ കൂടാതെ വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സംവിധാനവും എല്ലാ വ്യവസായ പാർക്കുകളിലും നടപ്പിലാക്കിയിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് അവരുടെ ഭൂമിയുടെ രജിസ്ട്രേഷൻ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും ഇളവ് അനുവദിച്ചിട്ടുണ്ട്. കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ ഭൂമി അലോട്ട് ചെയ്യപ്പെടുന്ന വ്യവസായ സംരംഭകൻ അലോട്ട് ചെയ്യുന്ന ഭൂമിയുടെ മൊത്തം തുകയുടെ 10 % ഇന്റിമേഷൻ ലെറ്റർ ലഭിച്ച 30 ദിവസത്തിനുള്ളിലും ബാക്കി 10 % അലോട്ട്മെന്റ് ലെറ്റർ ലഭിച്ച് 30 ദിവസത്തിനു ശേഷവും അടക്കേണ്ടതാണ്. ബാക്കി ലീസ് പ്രീമിയം 5 വർഷത്തിനുള്ളിൽ അടച്ചാൽ മതിയാകും. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് കിൻഫ്ര മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; | (ബി) | (ബി) ഈ സർക്കാരിന്റെ കാലത്ത് കിൻഫ്ര ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ താഴെ പറയുന്നവയാണ്. പെട്രോകെമിക്കൽ പാർക്ക്, കൊച്ചി, എറണാകുളം മെഗാഫുഡ് പാർക്ക്, പാലക്കാട് കൊച്ചി- കോയമ്പത്തൂർ ഇൻഡസ്ട്രിയൽ കോറിഡോർ ലാന്റ് ബാങ്ക്, കണ്ണൂർ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കൊരട്ടി തൃശ്ശൂർ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം |

| | | | |
|---|---|---|---|
| (സി) | കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ കിൻഫ്ര പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | (സി) ഉണ്ട്. കേന്ദ്ര ഭക്ഷ്യ മന്ത്രാലയത്തിന്റെ മെഗാഫുഡ് പാർക്ക് സ്കീമിൽ ഉൾപ്പെടുത്തി 50 കോടി രൂപ ധനസഹായത്തോടു കൂടിയാണ് പാലക്കാട് മെഗാഫുഡ് പാർക്ക് സ്ഥാപിച്ചിട്ടുള്ളത് |
| (ഡി) | കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തുവെന്നും ഇതിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി എന്നും വിശദമാക്കാമോ; | (ഡി) | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി 498 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സംരംഭകർ നൽകിയ പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം ഏകദേശം 1260 കോടി രൂപയുടെ നിക്ഷേപവും 14020 തൊഴിലവസരങ്ങളുമാണ് കിൻഫ്ര പ്രതീക്ഷിക്കുന്നത്. |
| (ഇ) | കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ സ്ഥലം ഒഴിഞ്ഞ് കിടക്കുന്ന സാഹചര്യമുണ്ടോ; വിശദാംശം നൽകുമോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ? | (ഇ) | (ഇ) കിൻഫ്ര അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വികസിപ്പിച്ച വ്യവസായ പാർക്കുകളിൽ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, പിറവത്തൂർ, ഒറ്റപ്പാലത്തെ ഡിഫെൻസ് പാർക്ക്, എന്നിവയിലും കിൻഫ്ര സ്ഥാപിച്ച കണ്ണൂർ നാടുകാണിയിലെ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയത്തിലും തലശ്ശേരി ബഹുനില ഫാക്ടറി കെട്ടിട സമുച്ചയത്തിലും സ്ഥലം നിലവിൽ അലോട്ട് ചെയ്യാൻ ബാക്കിയുണ്ട്. മേൽ പറഞ്ഞ സ്ഥലങ്ങളിൽ എല്ലാ തന്നെ സംരംഭകരെ കണ്ടെത്തി അലോട്ട് ചെയ്യുന്ന നടപടികൾ തുടർന്നു വരുന്നു. നിലവിലെ സാമ്പത്തിക സ്ഥിതിയാണ് ഇതിന്റെ കാരണമായി കരുതുന്നത്. |

സെക്ഷൻ ഓഫീസർ